(എ) പൊതുമരാമത്തു സ്റ്റാൻഡിംഗ് അഡൈ്വസറി കമ്മിറ്റി മന്ദിരം. ലേക്കു ബഡ്ജറ്റു വർഷത്തിൽ എത്ര പണികൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്";

(ബി) അതിൽ എത്ര പണികൾ തീർന്നിട്ടുണ്ട്";

(സി) ബാക്കി എത്ര പണികൾ തീർക്കാനുണ്ട്";

(ഡി) എത്ര പണികൾ ലാപ്സായിപോകുമെന്നു ഊഹിക്കാമെന്നു പറയുവാൻ ഭയവുണ്ടാകുമോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഒ ല.

(ബി) ഫ ാ.

(സി) ന ല.

(ഡി) മിക്കവാറും ഒരു പണിയും ലാപ്സാകാതെയിരിപ്പാൻ വേണ്ട നടപടികൾ എടുക്കുന്നതാണ്.

പൊതു കക്കൂസുകൾ

* ഫ്നു. (ന) ശ്രീ. ഗാസ്റ്റർ ഡിസിൽവാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) മളവുകാട്ടുകരയിൽ ആവശ്യമായത്ര പൊതുക്കക്കൂസുകൾ ഇല്ലെന്ന വസ്തുത ബഹു. ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ചു, എന്തെങ്കിലും നടപടി ഇതുവരെ എടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉണ്ട്.

(ബി) അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ തുക കൊള്ളിക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

Reply from H. H. the Rajpramukh to the Address of thanks

Mr. Speaker: Order, order. There is an announcement to be made. ഈ സഭ പാസാക്കീട്ടുള്ള കൃതജ്ഞതാപ്രമേയം, നിയമസഭാ ചട്ടങ്ങളിലെ ഫ@-ാം വകുപ്പു ൈ-ാം ഉപവകുപ്പനുസരിച്ചു സ്പീക്കർ രാജപ്രമുഖൻ തിരുമനസ്സിലേക്കു സമർപ്പിച്ചതിന്മേൽ ലഭിച്ചിട്ടുള്ള മറുപടി വ്യ-ാംഉപവകുപ്പനുസരിച്ചു സഭയിൽ പ്രസ്താവിച്ചുകൊള്ളുന്നു. മറുപടി ഇപ്രകാരമാണു:—"I have great satisfaction for your resolution of thanks for the address with which I opened the second session of the Legislature on the 16th October 1950."

LEGISLATIVE BUSINESS

The Travncore-Cochin Forest Bill— *(contd.)*

Mr. Speaker: We will now go on to legislative business, and proceed with the Travancore-Cochin Forest Bill.

ശ്രീ. പനമ്പിള്ളി ശോവിന്ദമേനോൻ: സർ, ഞാൻ ഇന്നലെ ഫോറസ്റ്റ് ബില്ലിനെ സംബന്ധിച്ചു ബഹു. മെമ്പറന്മാർ പുറപ്പെടുവിച്ച അഭിപ്രായങ്ങൾക്കു മറുപടി പറയാൻ ശ്രമിക്കയായിരുന്നു. ഈ ഫോറസ്റ്റ് ബിൽ ഒരു പുതിയ ബില്ലല്ല. തിരുവിതാംകൂറിലേയും കൊച്ചിയിലേയും ഫോറസ്റ്റ് നിയമങ്ങൾ സംയോജിപ്പിച്ചു രണ്ടു രാജ്യങ്ങളിലേക്കുംകൂടി ബാധകമായ ഒരു നിയമം

LIBRARY ARCHIVES Kerala Legislative Assembly